പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1772

07.03.2018 ൽ മറുപടിക്ക്

## നെയ്യാറ്റിൻകര ജനറൽ ആശുപത്രി

| ചോദ്യം<br>ശ്രീ.കെ. ആൻസലൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ദിനംപ്രതി 2500 മുതൽ 3500 വരെ രോഗികൾ ചികിത്സയ്ക്ക് എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രോഗികളുടെ തിരക്കുകാരണം ശരിയായ പരിശോധന നടത്തുന്നതിന് ഡോക്ടർമാർക്ക് സാധിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ), (ബി), (സി) & (ഡി) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ഒഴിവുകൾ ഒന്നും നിലവിൽ റിപ്പോർട്ടു ചെയ്തിട്ടില്ല. നിലവിൽ നവകേരള മിഷന്റെ ഭാഗമായി ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടം ഘട്ടമായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതി പൂർണ്ണ രൂപത്തിൽ നടപ്പാക്കപ്പെടുമ്പോൾ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ സർക്കാർ മെഡിക്കൽ കോളേജിൽ നിന്നോ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നോ ഹൗസർജൻമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് 24 മണിക്കൂറും ശരിയായ പരിശോധന നടത്തുന്നതിന് ഗവൺമെന്റ്/സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നിന്നും ഹൗസ് സർജന്മാരുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത ആശുപത്രിയിൽ നിലവിലെ നിയമങ്ങൾ അനുസരിച്ച് ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് നിയമപരമായ തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ ഹൗസ് സർജന്മാരെ നിയമിക്കുന്നതിന് ആശുപത്രി അധികൃതർ എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കേണ്ടതെന്ന് വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ